പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1378

20.01.2014 ൽ മറുപടിക്ക്

<u>ഗ്യാസ് ഏജൻസികളുടെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എം.പി. വിൻസെന്റ്; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഗ്യാസ് ഏജൻസികളുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾ എന്തെല്ലാം; | (എ) ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളായ ഓയിൽ മാർക്കറ്റിംഗ് കമ്പനികളുടെ കീഴിലാണ്. കേന്ദ്രസർക്കർ ഓർഡറായ 2000-ലെ എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ അനുസരിച്ച് സംസ്ഥാന ഭക്ഷ്യ പൊതു വിതരണ വകുപ്പിലെ റേഷനിംഗ് ഇൻസ്-പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഗ്യാസ് ഏജൻസികൾ പരിശോധിക്കുന്നതിനുള്ള അധികാരമുണ്ട്. ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്ന കാലി, നിറ സിലിണ്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ, സ്റ്റോക്ക് ബോർഡ് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ടോ, സീനിയോറിറ്റി ക്രമത്തിലാണോ സിലിണ്ടറുകൾ നല്കുന്നത്, നിർബന്ധപൂർവ്വമുള്ള സ്റ്റൗ വില്പനയുണ്ടോ, കണക്ഷൻ നല്കാൻ അധകചാർജ്ജ് ഈടാക്കുന്നുണ്ടോ എന്നീ വസ്തുതകൾ പരിശോധിക്കാൻ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ക്രമക്കേടുകളുടെ ഗുരുതര സ്വഭാവത്തിനനുസരിച്ച് ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾക്ക് എണ്ണക്കമ്പനി അധികാരികളോട് ശുപാർശ ചെയ്യാനും വകുപ്പിന് സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന സർക്കാർ തീരുമാനങ്ങൾ ലംഘിച്ച എത്ര ഗ്യാസ് ഏജൻസികൾക്കെതിരെ ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ 2013 ൽ നടത്തിയ വിവിധ പരിശോധനകളിൽ വിവിധ ജില്ലകളിലായി 101 ഗ്യാസ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഗ്യാസ് വിതരണം എസ്.എം.എസ് വഴി ഉപഭോക്താവിനെ അറിയിക്കുന്നതിന്ഏജൻസികൾക്ക് നിർദ്ദേശം നൽകുന്നതു പരിഗണിക്കുമോ? | (സി) | ഐ.വി.ആർ.എസ്./എസ്.എം.എസ്. ബുക്കിംഗ് എല്ലാ വിതരണ ഏജൻസികളിലും നടപ്പാക്കുന്ന കാര്യം ഓയിൽ കമ്പനികളുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ